(സി) ഒന്നുമില്ല.

(ഡി) ഡിസ്ട്രിക്ട് സൂപ്രണ്ടുമാർ.

(ഇ) കേസു കോടതിയിൽ നടപടി നടന്നു വരുന്നതുകൊണ്ട് ഗവൺമെൻറ് നടപടി ഒന്നും എടുത്തിട്ടില്ല.

Starred question Posted for answer on 26—2—1951

കൺട്രോൾ സാധനങ്ങൾ

*൧൭൯. (൪൪) ശ്രീ. എസ്സ്. ശിവരാമനാചാരി: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ജനങ്ങൾക്കു നിത്യോപയോഗത്തിനു കൺട്രോൾ ചെയ്തിട്ടുള്ള സാധനങ്ങൾ കമ്പോളങ്ങളിൽ ഒട്ടുംതന്നെ കിട്ടുന്നില്ലാ എന്നുള്ള പരാതി ബഹു. ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല

Starred Question posted for Answer on 26th February 1951

വനംപതിവ്

*൧൭൭. (൬൯) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പള്ളിവാസൽ പകുതിയിൽ എത്ര ഏക്കർ സ്ഥലം ഇന്നുവരെ (ഒരു വർഷത്തിനുള്ളിൽ) ഇരുപതു വർഷത്തെ അവധിക്കു കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടെന്നും അതു എത്ര പേക്കായിട്ടാണ് കൊടുത്തിട്ടുള്ളതെന്നും, ആ സ്ഥലങ്ങളിലെ തടികൾ തിട്ടം വരുത്തി സൂക്ഷിച്ചുകൊള്ളാമെന്നു എഴുതി വെപ്പിച്ചിട്ടുണ്ടോ കൊടുത്തിട്ടുള്ളതെന്നും, അങ്ങിനെ എഴുതി വെപ്പിച്ചിട്ടുണ്ടെങ്കിൽ ആകെ എത്ര തടികൾ ഇങ്ങിനെ സൂക്ഷിച്ചുകൊള്ളാമെന്നുള്ള ലിസ്റ്റിൽ പെട്ടിട്ടുണ്ടെന്നും ദയവുചെയ്ത പ്രസ്താവിക്കുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ൪൭൫൩.൨൫ ൪ എക്കർ സ്ഥലം ൧,൩൯൭ പേക്കായി കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ട്. കുത്തകപ്പാട്ട ഉടമ്പടിയിൽ തടികൾ സൂക്ഷിച്ചുകൊള്ളാമെന്നു എഴുതി വെപ്പിച്ചിട്ടുണ്ട്.

	തടികളുടെ എണ്ണം
തേക്ക്	.. ൪,൪൧൧
ഈട്ടി	.. ൧,൪൩൫
മറ്റു മരങ്ങൾ	.. ൧൭,൩൫൦
ആകെ	.. ൨൪,൩൯൬

Starred Question posted for Answer on 27th February 1951

ആലപ്പുഴ—ചേർത്തലത്തോട്

*൧൭൮. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും, ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലപ്പുഴ—ചേർത്തലത്തോട് പണി ആരംഭിച്ചത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly